25. ഗവ. ബ്രണ്ണൻ കോളേജ്, തലശ്ശേരി.

26. ഗവ. കോളേജ്, കാസർഗോഡ്.

27. ഗവ. കോളേജ്, മഞ്ചേശ്വരം.

28. ഇ.കെ.എൻ.എം ഗവ.കോളേജ് ഏലേരിത്തട്ട്.

29. ഗവ. കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, കോഴിക്കോട്.

30. ഗവ. കോളേജ്, മൂന്നാർ.

31. ഗവ. വിക്ടോറിയ കോളേജ്, പാലക്കാട്.

(ഡി) കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് താഴെപ്പറയുന്ന പരിപാടികൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. കോളേജുകളുടേയും, ഹോസ്റ്റലുകളുടേയും കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ.

2. ചെറുകിട നിർമ്മാണ പ്രവർത്തനങ്ങൾ.

3. കളിസ്ഥലങ്ങളുടെ അറ്റകുറ്റപ്പണികൾ.

4. കോളേജുകളുടെ പൈതൃക സംരക്ഷണം.

5. ബോബ് ഓറിയന്റ് ആന്റ് ഓൺ കോഴ്സുകൾ.

6. സ്റ്റുഡന്റ് അമിനിറ്റീസ്.

വിദ്യാർത്ഥി രാഷ്ട്രീയം സംബന്ധിച്ച് ഹൈക്കോടതിയിൽ നൽകിയ സത്യവാങ്മൂലം

123 (7091)ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എഫ്.ഐ., കെ.എസ്.യു., എ.ബി.വി.പി., എ.ഐ.എസ്.എഫ്. എന്നീ സംഘടനകൾക്ക് കോളേജ് കാമ്പസുകളിൽ പ്രവർത്തിക്കാൻ നിയമപരമായോ ഭരണഘടനാപരമായോ അവകാശമില്ലെന്ന് വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥൻ ബഹു. ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത സത്യവാങ്മൂലത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ :

(ബി) രാഷ്ട്രീയപ്രവർത്തനം നടത്തില്ല എന്ന് വിദ്യാർത്ഥികളിൽനിന്നും രക്ഷിതാക്കളിൽനിന്നും രേഖാമൂലം എഴുതിവാങ്ങും എന്ന് സത്യവാങ്മൂലത്തിൽ പറയുന്നുണ്ടോ ;

(സി) സർക്കാർ നിർദ്ദേശാനുസരണമാണോ ഈ ഉദ്യോഗസ്ഥൻ പ്രസ്തുത സത്യവാങ്മൂലം നൽകിയതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കോടതിയിൽ നൽകിയ പ്രസ്തുത സത്യവാങ്മൂലം സർക്കാർ നയമല്ല എങ്കിൽ ഈ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഉണ്ട്. 2004-ൽ Kerala Students Union Vs Sojan Francis എന്ന കേസ്സിലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ നൽകിയ നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്ന അധിക നിയന്ത്രണങ്ങളാണ് സത്യവാങ്മൂലത്തിലൂടെ ഫയൽ ചെയ്തിട്ടുള്ളത്. ഇത് അംഗീകരിച്ച് ഹൈക്കോടതി അന്തിമവിധി പുറപ്പെടുവിച്ചിട്ടില്ല.

(സി) അതെ.

(ഡി) ബാധകമല്ല.

കോഴിക്കോട് ലാ കോളേജിൽ നിയമ ബിരുദത്തിൽ സായാഹ്ന കോഴ്സ്

124 (7092) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിയമപഠനത്തിന് സായാഹ്ന ബിരുദ കോഴ്സുകൾ നടത്തപ്പെടുന്നത് ഏതെല്ലാം സ്ഥാപനങ്ങളിലാണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ മലബാർ മേഖലയിലുള്ള സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) കോഴിക്കോട് ഗവൺമെന്റ് ലോ കോളേജിൽ സായാഹ്ന നിയമ ബിരുദ കോഴ്സ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ)

1. കേരളാ ലാ അക്കാഡമി, ലാ കോളേജ്.

2. തിരുവനന്തപുരം ഗവ. ലാ കോളേജിൽ നിയമപഠനത്തിന് സായാഹ്ന ബിരുദകോഴ്സുകൾ നടത്തുന്നതിനായി 20-6-2014-ലെ സ.ഉ.(എംഎസ്.) നമ്പർ 298/14/ഉ.വി.വ., 30-6-2014 ലെ സ.ഉ(എംഎസ്.) നമ്പർ 395/2014/ഉ.വി.വ. എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly